ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്ന പദ്ധതി

256 (7227) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്ന പദ്ധതിക്ക് ഏതെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പരിപാടിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 75% കേന്ദ്ര വിഹിതം വിനിയോഗിച്ചാണ് ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) 2010 മുതൽ 2014 വരെയുള്ള കാലയളവിൽ 690.99 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചതിൽ 573.89 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി. രജിസ്റ്റർ വാല്യൂങ്ങളുടെ സ്കാനിംഗ്, ഡാറ്റാ എൻട്രി എന്നിവയാണ് ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നത്. മൂന്ന് ജില്ലകളിൽ ഡാറ്റാ എൻട്രിയും, ഏഴ് സബ് രജിസ്ട്രാർ ഓഫീസുകളിൽ സ്കാനിംഗും പൂർത്തീകരിച്ചിട്ടുണ്ട്.

വസ്തു രജിസ്ട്രേഷന് ഫീസിളവ്

257 (7228) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വസ്തു രജിസ്ട്രേഷൻ ഫീസിൽ ഇളവ് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാംതരം രജിസ്ട്രേഷനുകൾക്കാണ് ഫീസിളവ് വരുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് നികുതിവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly